# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2363 — 18.06.2014 ൽ മറുപടിക്ക്

## പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഐ.പി.സംവിധാനം പുന:സ്ഥാപിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഐ.പി സംവിധാനം ഒഴിവാക്കിയതിനുള്ള കാരണം വിശദമാക്കാമോ ; ആയത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) | കണ്ണൂർ ജില്ലയിൽ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഐ.പി സംവിധാനം ഒഴിവാക്കിയിട്ടില്ല. ഡോക്ടർമാരുടെ അഭാവം മൂലം താൽക്കാലികമായി നിർത്തിവച്ചതാണ്. നിലവിലുള്ള ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് ഐ.പി സംവിധാനം പ്രാവർത്തികമാക്കാൻ പ്രയാസമാണ്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണി നടന്നു വരികയാണ്. ഇതും ഐ.പി സംവിധാനം പ്രാവർത്തികമാക്കുന്നതിന് തടസ്സമായിട്ടുണ്ട്. പണി പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ച് ഐ.പി സംവിധാനം പുന:സ്ഥാപിക്കുന്നതാണ്. |
| (ബി) | അനുവദിക്കപ്പെട്ട തസ്തികകളിൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ? | (ബി) | അനുവദിക്കപ്പെട്ട ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി, പീഡിയാട്രിക്) സിവിൽ സർജൻ തസ്തികകളിൽ ഓരോ ഒഴിവുകളും അസിസ്റ്റന്റ് സർജന്റെ 4 ഒഴിവും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ സിവിൽ സർജൻ തസ്തികയിലുള്ള ഒഴിവ് ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിൽ പ്ലേസ്മെന്റ് നൽകി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവും |

| | | | |
|---|---|---|---|
| | | | നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കൂടാതെ പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികളിൽ നിന്നും 28.06.2014 ൽ നടക്കുന്ന കൗൺസിലിങ്ങിലൂടെ ആരോഗ്യവകുപ്പിൽ നിയമന ഉത്തരവ് നൽകി അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള 4 അസിസ്റ്റന്റ് സർജൻ തസ്തികയിൽ 3 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റു വിഭാഗം തസ്തികകളിൽ ലാബ്ടെക്നീഷ്യൻ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I, ആശുപത്രി അറ്റൻഡന്റ്, പാർട്ട്ടൈം സ്വീപ്പർ എന്നിവയിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്. ഇതിൽ ലാബ് ടെക്നീഷ്യൻ ഒഴിവ് പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവ് പ്രൊമോഷൻ/ട്രാൻസ്ഫർ മുഖേന നികത്തുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റിന്റെയും പാർട്ട്ടൈം സ്വീപ്പറുടെയും ഒഴിവ് ഉടനടി നികത്തുന്നതിന് ജില്ലാ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ